(സി) പീഡിത കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ 2001-02 വർഷത്തിൽ 39.44 ലക്ഷം രൂപയും 2002-03 വർഷത്തിൽ 20 ലക്ഷം രൂപയും 2003-04 വർഷത്തിൽ 50 ലക്ഷം രൂപയും 2004-05 വർഷത്തിൽ 75 ലക്ഷം രൂപയും ആയി ആകെ 184.44 ലക്ഷം രൂപ ചെലവിട്ടിട്ടുണ്ട്.

## വടകര താലൂക്കിലെ തൊണ്ട് സംഭരണം

82 [1201] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്കിൽ നാളികേര കർഷകരിൽ നിന്നും തൊണ്ട് വാങ്ങുന്നതിന് ഏതെങ്കിലും സൊസൈറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെങ്കിലും കയർ സംഘങ്ങളെയോ സഹകരണ സ്ഥാപനങ്ങളെയോ തൊണ്ട് വാങ്ങുന്നതിന് ചുമതലപ്പെടുത്തുമോ ?

### ഉത്തരം

(എ) ഇല്ല

(ബി) കുടുംബശ്രീ യൂണിറ്റുകൾക്ക് വ്യാപകമായി തൊണ്ട് ശേഖരിക്കണമെന്ന് 4-2-2005-ൽ കയർ മേഖലയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തൊണ്ട് സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കയർ പ്രോജക്ടാഫീസർമാരുടെ കീഴിൽ കയർ സഹകരണസംഘം പ്രതിനിധികളേയും ജില്ലാ പഞ്ചായത്ത് പ്രതിനിധികളേയും കയർ തൊഴിലാളി പ്രതിനിധികളേയും കയർ ബോർഡ് പ്രതിനിധികളേയും കുടുംബശ്രീ പ്രതിനിധികളേയും അംഗങ്ങളാക്കി ഉപദേശകസമിതി രൂപീകരിക്കുന്നതാണ്.

## ചകിരി ലഭ്യമാക്കാൻ നടപടി

83 [1203] ശ്രീ. ജോർജ് ജെ. മാത്യു :

,, ടി. യു. രാധാകൃഷ്ണൻ :

,, വി. ഡി. സതീശൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യന്ത്രവൽകൃത റാട്ടുകൾ വിതരണം ചെയ്യുമ്പോൾ ചകിരിയുടെ ആവശ്യം എത്ര കണ്ട് വർദ്ധിക്കും ;

(ബി) ഇത്രയും ചകിരി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly